# കഥകളിക്ലബ്ബ്, തൃശ്ശൂർ

## വാർഷികപൊതുയോഗവും കഥകളിയും

### വേദി – ഭാരതീയ വിദ്യാഭവൻ കെ. എസ്. ഉണ്ണി നവതിഓഡിറ്റോറിയം
### 2026 സെപ്റ്റംബർ 27 ഞായർ
### വൈകീട്ട് 3 മണിമുതൽ വാർഷിക പൊതുയോഗം
### തുടർന്ന് കഥകളി – കഥ – നരകാസുരവധം

793 — ാമത്തെ പരിപാടി

**ഈ മാസത്തെ കളി സ്പോൺസർ ചെയ്യുന്ന എക്സിക്യൂട്ടീവ് അംഗം ശ്രീ. ഐ. ഉണ്ണികൃഷ്ണനോടുള്ള നന്ദി അറിയിക്കുന്നു**

**കഥാപാത്രങ്ങളും കലാകാരന്മാരും**

| | | | |
|---|---|---|---|
| നക്രതുണ്ഡി | - **കലാമണ്ഡലം അരുൺകുമാർ** | ചെണ്ട | - **കലാമണ്ഡലം രവിശങ്കർ** |
| ലളിത | - **കലാമണ്ഡലം ഷൺമുഖദാസ്** | | **കലാമണ്ഡലം സുധീഷ്** |
| ജയന്തൻ | - **കലാമണ്ഡലം വിവേക്** | മദ്ദളം | - **കലാമണ്ഡലം വേണു,** |
| നരകാസുരൻ | - **കലാമണ്ഡലം മനോജ്** | | **ആർ. എൽ. വി ജിതിൻ** |
| നരകാസുരപത്നി | - **കലാമണ്ഡലം നന്ദു** | ചുട്ടി | - **കലാമണ്ഡലം വൈശാഖ്** |
| ഇന്ദ്രൻ | - **കലാമണ്ഡലം വിവേക്** | അണിയറ | - **മാങ്ങോട് നാരായണൻ, രാമകൃഷ്ണൻ,** |
| സംഗീതം | - **കോട്ടക്കൽ നാരായണൻ,** | | **അരുൺ, മോഹനൻ.** |
| | **കലാമണ്ഡലം വിശ്വാസ്,** | ചമയം | - **തൃശ്ശൂർ കഥകളിക്ലബ്ബ്** |
| | **കലാ. ശ്രീജിത് മാരാർ** | ഫോട്ടോ | - **വിജയ് ഫോട്ടോസ്** |
| | | വീഡിയോ | - **ആശീർവാദ് വീഡിയോസ്** |

## നരകാസുരവധം – (പദരചന – കാർത്തികതിരുനാൾ ബാലരാമവർമ്മ)

18-ാം നൂറ്റാണ്ടിൽ കവിയും നാട്യകലാവിദഗ്ദ്ധനുമായിരുന്ന കാർത്തികതിരുനാൾ ബാലരാമവർമ്മ രചിച്ച് കപ്ലിങ്ങാടിന്റെ കളരിയിൽ രൂപം പൂണ്ട ആട്ടപ്രകാരമാണ് ഇന്നു കാണുന്ന നരകാസുരവധം കഥകളിയുടെ അരങ്ങുപാഠത്തിനു അവലംബമായി കരുതുന്നത്. നരകാസുരവധം രണ്ടു ഭാഗങ്ങളായിട്ടാണ് അവതരിപ്പിച്ചുപോരുന്നത്. ആദ്യഭാഗത്തു ചെറിയ നരകാസുരൻ എന്നു വിളിക്കുന്ന കത്തിയാണ്. രണ്ടാംഭാഗത്തു വരുന്ന വലിയ നരകാസുരൻ ചുവന്ന താടിയാണ്. നാടകീയഘടനയും സാങ്കേതികത്തികവും അപ്രതിരോദ്ധ്യമായ വീരത്തെ പടിപടിയായി ഉയർത്തിക്കൊണ്ടുവരുന്ന അവതരണക്രമവും സർവ്വോപരി വേഷവൈവിദ്ധ്യങ്ങൾക്കു സാദ്ധ്യതയുള്ള ഇതിവൃത്ത സ്വരൂപവുമാണ് ആദ്യഭാഗത്തെ ആകർഷകമാക്കുന്ന മുഖ്യഘടകങ്ങൾ. സ്വർഗ്ഗത്തിൽ നിന്നും ദേവസ്ത്രീകളെ പിടിച്ചുകൊണ്ടുവരാനായി നരകാസുരൻ നക്രതുണ്ഡി എന്ന രാക്ഷസിയെ പറഞ്ഞയയ്ക്കുന്നു. (നക്രതുണ്ഡി ഇതിഹാസപാത്രമല്ല. കിർമ്മീരവധത്തിലെ ലളിത പോലെ കവിയുടെ ഭാവനാസൃഷ്ടിയാണ്). നരകാസുരന്റെ നിയോഗമനുസരിച്ചുള്ള കൃത്യം നിർവ്വഹിക്കുന്നതിനിടയിൽ നക്രതുണ്ഡി ഇന്ദ്രപുത്രനായ ജയന്തനെക്കണ്ട് അനുരാഗവിവശയായി സുന്ദരീ രൂപം ധരിച്ച് ചെന്ന് തന്നെ സ്വീകരിക്കണമെന്നു അപേക്ഷിക്കുന്നു.. തന്റെ പ്രണയാഭ്യർത്ഥന നിരസിച്ച ജയന്തനെ അവൾ സ്വന്തം രൂപത്തിൽ പ്രത്യക്ഷപ്പെട്ട് പിടിച്ച് കൊണ്ടുപോകുവാനായി ശ്രമിക്കുന്നു. ജയന്തൻ അവളുടെ കർണ്ണങ്ങളും കുചനാസികകളും ഛേദിച്ചു പറഞ്ഞയയ്ക്കുന്നു. അലറിവിളിച്ചുകൊണ്ട് നക്രതുണ്ഡി നരകാസുരന്റെ കൊട്ടാരത്തിലെത്തി വിവരം അറിയിക്കുന്നു. നരകാസുരൻ അവളെ സമാധാനിപ്പിച്ചയച്ചു യുദ്ധത്തിനായി സൈന്യസമേതം സ്വർഗ്ഗത്തിലേക്ക് യാത്രയാകുന്നു. സ്വർഗ്ഗത്തിൽ ചെന്ന് ഇന്ദ്രനെ യുദ്ധത്തിൽ പരാജയപ്പെടുത്തി സ്വർഗ്ഗത്തിലെ വിശിഷ്ടവസ്തുക്കളും ദേവമാതാവായ അദിതിയുടെ കുണ്ഡലങ്ങളും ശേഖരിച്ച് ഭൂമിയിലേക്ക് തിരിച്ചുപോകുന്നു. ആദ്യരംഗങ്ങൾ ഒഴിവാക്കി നക്രതുണ്ഡിമുതലാണ് ഇവിടെ അവതരിപ്പിക്കുന്നത്.

**രംഗം 1** – ''**ക്രീഡന്തമാലോക്യ**'' എന്നുതുടങ്ങുന്ന ശ്ലോകത്തിനുശേഷം നക്രതുണ്ഡിയുടെ രൗദ്രം സ്ഫുരിക്കുന്ന തിരനോക്ക്. തിരനോക്കുകഴിഞ്ഞു പീഠത്തിൽ കയറിനിന്ന് ഇരുവശത്തേക്കും നോക്കി താഴെയിറങ്ങി ശരീരമാകെ വൃത്തികേടായിരിക്കുന്നു എന്നു നടിച്ച് പൊട്ടുതൊടുക, കണ്ണെഴുതുക തുടങ്ങിയവ ചെയ്ത് സ്വയം അലങ്കരിച്ച് കുറച്ചുനേരം കളിക്കാം എന്നു കാട്ടി അടുത്തു കണ്ട സ്ത്രീകളെ കളിക്കാനായി വിളിക്കുന്നു. അവർ സമ്മതിക്കാതെ പോയതുകണ്ട് ഒറ്റയ്ക്ക് കുമ്മി, പന്തടി എന്നിവ ചെയ്ത് ക്ഷീണം നടിച്ചിരുന്ന് ഉത്തരീയംകൊണ്ടു വീശി സമയം ഏറെ വൈകി. സ്വാമിയുടെ നിയോഗമനുസരിച്ചു സ്വർഗ്ഗത്തിലേക്കു പോകുകതന്നെ എന്നുകാട്ടി യാത്രയാകുന്നു. "**ക്രൂരയാകുന്ന നക്രതുണ്ഡി**" എന്നുതുടങ്ങുന്ന പദം. ഘോരദംഷ്ട്രഭീഷണയും വൈരികുലത്തെ കൊന്ന് ചോര കുടി ക്കുന്നവളും കേസരികളെ കാതിൽ അണിയുന്നവളും ഭീകരരൂപിണിയുമായ നക്രതുണ്ഡിയെയാണ് ആദ്യഭാഗത്ത് വർണ്ണിക്കുന്നത്. തുടർന്ന് സ്വർഗ്ഗസ്ത്രീകളെ കാണുന്നതായി സൂചിപ്പിക്കുന്ന "**അഹോ സഫലം ചിന്തിതം**" എന്ന വരികളോടെ പദം അവസാനിക്കുന്നു. പദാലാ പനത്തിനിടയിൽ തിരശ്ശീലയ്ക്കു പിന്നിൽ അങ്ങോട്ടുമിങ്ങോട്ടും നടക്കുകയും ഇടയ്ക്കു രൗദ്രരൂപം പ്രത്യക്ഷമാക്കിക്കൊണ്ട് തിരശ്ശീലയുടെ ഇരുഭാഗത്തും വന്നു അലറുകയും ചെയ്യുന്നു. പദം കഴിയുന്നതോടെ തിരശ്ശീലമാറ്റി ഓടിക്കൊണ്ട് വന്നു സ്വർഗ്ഗത്തിലേക്ക് പ്രവേശിച്ചതായി നടിച്ചു മനോഹരമായ നന്ദനോദ്യാനവും അവിടെ സ്വർഗ്ഗസ്ത്രീകളെയും കാണുന്നു. മേഘമാലകൾക്കിടയിലൂടെ സ്വർഗ്ഗത്തിലേക്കുള്ള നക്രതുണ്ഡിയുടെ യാത്ര ദൃശ്യവൽകരിക്കുന്നതിനു തിരശ്ശീല ഉപയോഗിച്ചുള്ള സവിശേഷമായ രംഗതന്ത്രമാണ് ഇവിടെ പ്രയോജനപ്പെടുത്തുന്നത്. ഇത്തരത്തിലുള്ള രംഗ സങ്കേതങ്ങൾ നരകാസുരവധത്തിന്റെ ആവിഷ്കാരഘടനയെ ബലപ്പെടുത്തുന്നതിനു ഏറെ സഹായിക്കുന്നുണ്ട്.

ദേവസ്ത്രീകളെ കണ്ട് ഓരോരുത്തരെയായി പിടിക്കുന്നു. അതിനിടയിൽ ഇന്ദ്രപുത്രനായ ജയന്തനെ കാണുന്നു. കാമപാരവശ്യത്തോടെ നോക്കി ഇദ്ദേഹത്തെ ലഭിക്കാനുള്ള മാർഗ്ഗമെന്താണ് എന്നു ചിന്തിക്കുന്നു. സുന്ദരീരൂപം ധരിച്ചു ചെല്ലുകതന്നെ എന്നുകാട്ടി രൂപംമാറുന്നതിന്റെ സൂചനയായി സ്ത്രൈണഭാവത്തോടെ ലളിതവേഷത്തിനു സമാനമായി ശിരോവസ്ത്രം ഇരുകൈകൊണ്ടും പിടിച്ച് ഉലഞ്ഞു ലളിതമായ പദവിന്യാസത്തോടെ ജയന്തനെ നോക്കി ലജ്ജനടിച്ച് അരങ്ങുവിടുന്നു.

**രംഗം 2 –** "**ഇത്ഥം നിശ്ചിത്യ ഹൃത്വാ ത്രിദശപുരവധൂരുദ്ധതം പ്രസ്ഥിതാ സാ**"എന്നാരംഭിക്കുന്ന ശ്ലോകം കഴിഞ്ഞു ലളിതയുടെ വേഷത്തിൽ നക്രതുണ്ഡി പ്രവേശിച്ചു മനോഹരമായ സാരീനൃത്തം. രാഗം പാടുന്നതിന്റെ പശ്ചാത്തലത്തിൽ ശിരോവസ്ത്രം പിടിച്ച് ഇരു ഭാഗത്തേക്കും ഉലഞ്ഞു ചാടുന്നു. കൈകൾ കമഴ്ത്തിപ്പിടിച്ച് മുന്നിലേക്കും പിന്നിലേക്കും ചലിപ്പിച്ച് മൂന്നു കാലങ്ങളിലായി അര താഴ്ത്തി അമർന്നു നിവരുന്നു. തുടർന്നു "**യാമിനീചര മാനിനീ**" എന്നു തുടങ്ങുന്ന പദത്തിലേക്കു കടക്കുന്നു. നൃത്തം കഴിയുന്നതോടെ ജയന്തനെ കണ്ടു ലജ്ജനടിച്ചു "**വൃത്രവൈരിനന്ദനാ**" എന്നു തുടങ്ങുന്ന നീലാംബരി രാഗത്തിൽ പതിഞ്ഞകാലത്തിലുള്ള പദം. ഇന്ദ്രപുത്രനായ അങ്ങയെ കണ്ടതിനാൽ എനിക്കു സന്തോഷം തോന്നുന്നു. എനിക്കു വിധിവശാൽ ഭർതൃഭാഗ്യം കൈവന്നു എന്നിങ്ങനെയാണ് ആശയം. തുടർന്നുള്ള ജയന്തന്റെ "**ആരയി**" എന്നുതുടങ്ങുന്ന പദം. നീ ആരാണ് എന്ന ചോദ്യത്തിനു താൻ മനുഷ്യസ്ത്രീയോ രാക്ഷസസ്ത്രീയോ അല്ലെന്നും ദേവസ്ത്രീയാണെന്നും തന്നെ സ്വീകരിക്കണമെന്നും ലളിത പറയുന്നു. അച്ഛന്റെ നിയോഗമനുസരിച്ചല്ലാതെ വിവാഹം ചെയ്യാനാകില്ലെന്നു ജയന്തൻ മറുപടി പറയുന്നു. തുടർന്നാണ് ലളിതയുടെ മനോഹരമായ "**ഏണാങ്കസമവദനാ** എന്നുതുടങ്ങുന്ന തോടി രാഗത്തിലുള്ള ചരണം. ഇവിടെ "**നിൻ വിരഹമെന്നാൽ നൂനം സഹിക്കാവതല്ലേ**" എന്നു പറഞ്ഞുകൊണ്ട് നക്രതുണ്ഡി പലതവണ ജയന്തനെ ആലിംഗനം ചെയ്യാനായി സമീപിക്കുകയും ജയന്തൻ ഒഴിഞ്ഞുമാറുകയും ചെയ്യുന്നു. "**എത്രയും കർണ്ണകഠോരം എടീ കുത്രാപി പോക**" എന്നു ജയന്തൻ പറഞ്ഞതുകേട്ട് ലളിത കോപത്തോടെ രൗദ്രരൂപം കാട്ടി "**നിന്നെക്കൊണ്ടുപോവതിനായ് വന്നതു ഞാനിന്നു**" എന്നു പറയു ന്നതോടെ "**രാത്രിഞ്ചരവനിതേ**" എന്ന ജയന്തന്റെ പദം. രാക്ഷസീ, ദേവസ്ത്രീകളെ വിട്ടയയ്ക്കുക എന്നു ജയന്തൻ പറഞ്ഞതു കേട്ട നക്രതുണ്ഡി രാക്ഷസീരൂപം സ്വീകരിച്ചു ജയന്തനെ സമീപിക്കുന്നു. (കരിവേഷം പ്രവേശിക്കുന്നു) ജയന്തൻ നക്രതുണ്ഡിയുടെ അംഗച്ഛേദം ചെയ്യുകയും അവൾ കരഞ്ഞുകൊണ്ട് രംഗം വിടുകയും ചെയ്യുന്നു.

**രംഗം 3–** രാക്ഷസിയുടെ കഥ ജയന്തൻ ഇന്ദ്രനെ അറിയിച്ചു. ഈ സമയത്തു തന്റെ കൊട്ടാരത്തിൽ നരകാസുരൻ പത്നിയോടു ഇപ്രകാരം പറഞ്ഞു എന്ന സന്ദർഭസൂചകമായ ശ്ലോകത്തിനു ശേഷം നരകാസുരന്റെ പതിഞ്ഞകാലത്തിലുള്ള തിരനോക്ക്. തിരനോക്കിനു ശേഷം പത്നിയെ ആലിംഗനം ചെയ്തുകൊണ്ടു പ്രവേശിക്കുന്നു. തിര താഴ്ത്തി കണ്ണുകൊണ്ട് ഉദ്യാനം കാട്ടിക്കൊടുത്ത് പ്രിയേ നമുക്കു ഉദ്യാനത്തിലേക്കു പോകുകയല്ലേ എന്നു ചോദിക്കുകയും പത്നി അപ്രകാരംതന്നെ എന്നു സമ്മതിക്കുകയും ചെയ്യുന്നു കിടതകിടാമോടു കൂടി ഉദ്യാനത്തിലേക്കു പ്രവേശിച്ചു. "**ബാലികമാർ മൗലി ബാലേ**" എന്ന പാടിരാഗത്തിൽ പതിഞ്ഞ കാലത്തിലുള്ള പദം. നാലുതാളവട്ടത്തിൽ നോക്കിക്കാണലിനു ശേഷം പദാഭിനയം തുടങ്ങുന്നു. പതിഞ്ഞപദങ്ങളിൽ സാധാരണയായി ചില ഭാഗങ്ങൾ വിസ്തരിച്ചഭിനയിക്കാറുണ്ട്. ഇവിടെ ഉദ്യാനമായതുകൊണ്ട് മയിലുകളെ കണ്ട് "**കേകികളുടയ നല്ല കേളികൾ കണ്ടിതോ**" എന്ന ഭാഗമാണ് വിസ്തരിക്കുന്നത്. കൊത്തിക്കുടയുക, ചിറകൊതുക്കുക തുടങ്ങി മയിലുകളുടെ ചലനങ്ങളെ പ്രകടമാക്കിക്കൊണ്ടാണ് കേകി എന്ന രംഗക്രിയ ആവിഷ്കരിക്കുന്നത്. ചെമ്പട 16 താളവട്ടത്തിലാണ് കേകി. തുടർന്നുള്ള "**കോകഹംസ കുരരങ്ങൾ സമ്മോദം തേടുന്നു**" എന്ന വരി 6 താളവട്ടത്തിലുള്ള ഇരട്ടിയോടെയാണ് അവതരിപ്പിക്കുന്നത്. നരകാസുരന്റെ പദവും പത്നിയുടെ മറുപടിയും കഴിഞ്ഞാൽ ചെറിയ ആട്ടം. ലക്ഷ്മീദേവിയെപ്പോലെ സുന്ദരിയായ ഇവൾ സമീപത്തുള്ളപ്പോൾ ദേവസ്ത്രീകളെ പിടിച്ചുകൊണ്ടുവരാനായി നക്രതുണ്ഡി എന്ന രാക്ഷസിയെ പറഞ്ഞയച്ചതെന്തിനാണ് എന്നു വിചാരിച്ചു എഴുന്നേറ്റു പത്നിയെ ആലിംഗനം ചെയ്തു നിൽക്കുന്നതിനിടയിൽ ഒരു ശബ്ദം കേൾക്കുന്നു. കഴുത്തു തിരിച്ച് ശബ്ദം ശ്രദ്ധിക്കുന്നു. എന്തെങ്കിലുമാകട്ടേ എന്നു കാട്ടി വീണ്ടും ആലിംഗനം ചെയ്ത് പഴയതു പോലെ നിൽക്കുന്നു. വീണ്ടും കുറേക്കൂടി ഉച്ചത്തിലുള്ള ശബ്ദം കേട്ട് ശബ്ദം കേൾക്കുന്നതെന്ത്, അറിയുക തന്നെ എന്നു കാണിച്ച് പത്നിയെ അന്തഃപ്പുരത്തിലേക്ക് പറഞ്ഞയയ്ക്കുന്നു.

തുടർന്ന് മുന്നോട്ടു വന്ന് അതിഭയങ്കരമായ ശബ്ദം കേൾക്കുന്നതെന്താണ്? പർവ്വതങ്ങൾ കൂട്ടിയിടിക്കുന്നതോ? അല്ല. ഇന്ദ്രൻ വജ്രായുധം കൊണ്ട് (ഇന്ദ്രനായി പകർന്നാടി) അവയുടെ ചിറകുകൾ ഇപ്രകാരം അരിഞ്ഞു ഭൂമിയിൽ വീഴ്ത്തി. അതു കൊണ്ട് പർവ്വതങ്ങൾ കൂട്ടിയിടിക്കുന്ന ശബ്ദമല്ല സമുദ്രത്തിലെ വെള്ളം കരകവിഞ്ഞ് വരുന്നതോ? അല്ല. പണ്ട് ഉർവ്വമഹർഷി സമുദ്രത്തിലെ വർദ്ധിക്കുന്ന വെള്ളം ഭക്ഷണമാക്കാൻ പുത്രനായ ബഡവാനലനെ സമുദ്രമദ്ധ്യത്തിൽ സ്ഥാപിച്ചിട്ടുണ്ട് .അതു കൊണ്ട് സമുദ്രം കരകവിഞ്ഞു വരുന്ന ശബ്ദമല്ല. ശബ്ദം കേൾക്കുന്നതെന്തെന്നു അറിയുക തന്നെ എന്നു കാട്ടി സ്റ്റൂളിൽ കയറിനിന്നുകൊണ്ട് ദൂരെ നോക്കി കർണ്ണവും കുചനാസികകളും ഛേദിക്കപ്പെട്ടു രക്താഭിഷിക്തയായി വരുന്ന നക്രതുണ്ഡിയെ കാണുന്നു ഇതു ഞാൻ സ്വർഗ്ഗത്തിലേക്കു പറഞ്ഞയച്ച നക്രതുണ്ഡിയല്ലേ? അതേ. (ഇവിടെ രക്തമൊലിപ്പിച്ചുകൊണ്ടു വരുന്ന (നിണം) നക്രതുണ്ഡിയെ പ്രത്യക്ഷമാക്കുന്ന പതിവുണ്ട്. പ്രത്യക്ഷമാക്കാതെ പകർന്നാട്ടത്തിലൂടെ നക്രതുണ്ഡിയുടെ സാന്നിദ്ധ്യമറിയിക്കുന്ന സമ്പ്രദായവുമുണ്ട്. ജുഗുപ്സയിലേക്കു പോകാതെ വീരം നിലനിർത്തി ശരീരത്തിന്റെ നിയതതമായ ചലനങ്ങളിലൂടെ നക്രതുണ്ഡിയുടെ സാന്നിദ്ധ്യം പ്രേക്ഷകനെ അറിയിക്കുന്ന രീതിയാണ് ഇവിടെ പിന്തുടരുന്നത്.

രക്താഭിഷിക്തയായ നക്രതുണ്ഡി അടുത്തെത്തിയതായി നടിച്ച് "നിന്നെ ഇപ്രകാരം ചെയ്തത് ആര്?" എന്നു ചോദിക്കുന്നു.ഇവിടെ ആര് എന്ന ചോദ്യത്തിലെ വാക്കുകളുടെ ശക്തി സവിശേഷമായ മുദ്രാവിന്യസത്തിലൂടെ പ്രകടമാക്കുന്നത് ശ്രദ്ധേയമാണ്. "**ഇന്ദ്രപുത്രനായ ജയന്തൻ ഇപ്രകാരം ചെയ്തു**" എന്നു കേൾക്കുന്നതായി നടിച്ചു അവളെ സമാധാനിപ്പിച്ച് അവനെ കൊന്നു രക്തം നിക്കു പാനം ചെയ്യാനായി തരുന്നുണ്ട് എന്നു കാട്ടി പറഞ്ഞയയ്ക്കുന്നു. തുടർന്നു പടപ്പുറപ്പാട്. സൂതനോട് രഥം കൊണ്ടുവരാൻ ആവശ്യപ്പെടുന്നു. രഥം കണ്ട് സേനാനിയോട് ആയുധങ്ങൾ കൊണ്ടുവരാനായി ആജ്ഞാപിക്കുന്നു. ആയുധങ്ങൾ ഓരോന്നും പരിശോധിച്ചുനോക്കി തേരിൽ വച്ചുകെട്ടുന്നു. തുടർന്നു വാൾ എടുത്തു തുടച്ച് ഇരുവശത്തും തിരുകി അരമുറുക്കി ത്രിപുടതാളത്തിൽ പരുന്തുകാൽ ചവിട്ടി സൈന്യങ്ങളോടുകൂടി സ്വർഗ്ഗത്തിലേക്ക് യാത്രയാകുന്നു.

സ്വർഗ്ഗവാതിൽ തുറന്നു ഇരുഭാഗത്തും നിരീക്ഷിച്ചു ഇന്ദ്രനെ പോരിനുവിളിക്കുന്നു. '**സുധാശനേന്ദ്രാ വാടാ**' എന്നുതുടങ്ങുന്ന പദം. (ഇതു കോട്ടയംതമ്പുരാന്റെ ബകവധത്തിലെ ബകനോടുള്ള ഭീമന്റെ "**നിശാചരേന്ദ്രാ വാടാ**" എന്ന പദത്തിനു സമാനമായി രചിക്കപ്പെട്ടതാണ്. പദരചന മാത്രമല്ല ചെമ്പട 8 മാത്രയിലുള്ള കാലപ്രമാണവും അവതരണക്രമവും ആഹരി രാഗംപോലും ബകവധത്തിലെ പദമനുസരിച്ചാണ് ചിട്ടപ്പെടു ത്തിയിരിക്കുന്നത്). യുദ്ധത്തിനു വിളിക്കുന്നതുകേട്ട് ഓടിക്കൊണ്ടു പ്രവേശിച്ച ഇന്ദ്രനെ പരാജയപ്പെടുത്തി തിരിച്ചയയ്ക്കുന്നു. ഇവിടെ സഹസ്രാ ക്ഷനായിത്തീരാനുള്ള കാരണമായ അഹല്യയുടെ ശാപകഥ ഇന്ദ്രനെ പരിഹസിച്ചുകൊണ്ട് നരകാസുരൻ ആടാറുണ്ട്. "**ദാനവാധമാ**" എന്നുതുടങ്ങുന്ന ഇന്ദ്രന്റെ പദം കഴിഞ്ഞുള്ള ആട്ടത്തിൽ നരകാസുരൻ ഐരാവതവുമായി മല്പിടുത്തം നടത്തി അതിനെ എടുത്തെറിയുന്നു. കല്പവൃക്ഷം പിഴു തെടുത്തു സ്വർഗ്ഗത്തിലെ വിശിഷ്ടവസ്തുക്കളെല്ലാം ശേഖരിച്ചു ദേവമാതാവായ അദിതിയുടെ കർണ്ണച്ഛേദംചെയ്തു കുണ്ഡലങ്ങൾ കൈക്കലാക്കി ഭൂമിയിലേക്ക് യാത്രയാകുന്നു.

അടുത്തമാസത്തെ കളി - ഒക്ടോബർ 31- ശനിയാഴ്ച്ച - കഥ :ബാലിവധം. കലാ ശ്രീകുമാർ , കോട്ടയ്ക്കൽ ദേവദാസ്, കലാ ജയപ്രകാശ്, എന്നിവർ പങ്കെടുക്കുന്നു. അഷ്ടവൈദ്യൻ ഇ ടി നീലകണ്ഠൻ മൂസ്സ് സ്പോൺസർ ചെയ്യുന്നു.

**പ്രശാന്ത് ജി മേനോൻ (സെക്രട്ടറി), ഫോൺ: 9847695123**